# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(P12)1621/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(P12)1621/2023 തീയ്യതി: 18/11/2023

## തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-01-2023 മുതൽ 26-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 15-09-2023 | 21-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-09-2023 | 21-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അഗസ്റ്റിൻ എം. എൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. ജോമോൻ ഇ. കെ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. സുനിൽ പി. ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുമ വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സഫന എൻ. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജാസ്മിൻ ഷെഹീർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| അനിത രാമൻ | സെക്രട്ടറി | 01-04-2022 | 11-04-2022 |
| മണികണ്ഠൻ റ്റി | സെക്രട്ടറി | 12-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ മീരാഭായ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| നാന്ദ പി.എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| സുമ എസ്.എസ് | വി ഇ ഒ (അണ്ടത്തോട് സർക്കിൾ) | 01-04-2022 | 30-09-2022 |
| ഷക്കീർ ടി.വി | വി ഇ ഒ (അണ്ടത്തോട് സർക്കിൾ) | 01-10-2022 | 31-03-2023 |
| മുഹമ്മദ് ഫർഹാൻ | വി ഇ ഒ (തൂപ്പറ്റ് സർക്കിൾ) | 01-04-2022 | 31-03-2023 |
| പ്രീത | വെറ്ററിനറി സർജ്ജൻ | 01-04-2022 | 30-01-2023 |
| നിയാസ് ഇ | വെറ്ററിനറി സർജ്ജൻ | 31-01-2023 | 31-03-2023 |
| ഡോ.അന്ന ലക്ഷ്മി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ടോണി ജോസഫ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.കെ.എസ്.അജിത്ത് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| സിന്ധു കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| മിനി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 14-07-2022 |
| വി.ടി ലതിക | ഹെഡ്മിസ്ട്രസ്സ് | 15-07-2022 | 31-03-2023 |
| ആശമോൾ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 24-09-2022 |
| സി.സി.ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 25-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | മുൻ വർഷ ബാങ്ക് നീക്കിയിരിപ്പും തൻവർഷ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാധ്യതാ ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയില്ല-ബാലൻസ്ഷീറ്റിൽ നെഗറ്റീവ് നീക്കിയിരിപ്പ് | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ലൈബ്രറി സെസ്സ്-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | തൊഴിൽനികുതി (പ്രൊഫഷണൽസ്/ഇൻസ്റ്റിറ്റ്യൂഷൻസ്) ഡിമാന്റ്-രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | അക്രൂവൽ അല്ലാതെ രേഖപ്പെടുത്തേണ്ട ഇനങ്ങൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വരുമാനങ്ങൾക്ക് മുൻകൂർ ആയി ലഭിച്ച തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-14 |
| 16 | ലോൺ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | തൊഴിലുറപ്പ്പദ്ധതി-വാർഷികകണക്കിലെ വരവ് ചെലവ് തുകകളിൽ വ്യത്യാസം | 1-1-16 |
| 18 | തൊഴിലുറപ്പ്പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയില്ല | 1-1-17 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റുമായി നീക്കിയിരിപ്പുമായി | 1-1-18 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല | |
| 20 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 1-1-19 |
| 21 | ഓണം അഡ്വാൻസ്-വാർഷികകണക്കിൽ വ്യത്യാസം | 1-1-20 |
| 22 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-21 |
| 23 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-22 |
| 24 | ഇൻവെസ്റ്റ്മെന്റ് തെറ്റായി ബാങ്ക് നിക്ഷേപമായി രേഖപ്പെടുത്തിയത് നാളിതുവരെ ക്രമീകരിച്ചില്ല | 1-1-23 |
| 25 | " Directly Debited By Bank” തുകകൾ ക്രമീകരിച്ചില്ല | 1-1-24 |
| 26 | സാങ്കല്പിക വരവ് ചെലവ് ഉൾപ്പെടുത്തി റീകൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നു | 1-1-25 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ ചെലവ് രേഖപ്പെടുത്തുന്നു | 1-1-26 |
| 28 | ബജറ്റ് | 1-2 |
| 29 | ഫണ്ട് വിനിയോഗം | 1-3 |
| 30 | പദ്ധതി അവലോകനം | 1-4 |
| 31 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 32 | ക്ഷേമപെൻഷനുകൾ | 1-6 |
| 33 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 34 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 35 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം | 1-9 |
| 36 | രസീത് പരിപാലനത്തിലെ അപാകതകൾ | 1-10 |
| 37 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചു | 1-11 |
| 38 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 39 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-13 |
| 40 | വസ്തു നികുതി-മേഖലാ നിർണ്ണയത്തിലെ അപാകങ്ങൾ | 1-14 |
| 41 | വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിടനമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു | 1-15 |
| 42 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം-അപാകതകൾ | 1-16 |
| 43 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി പിരിവ് പൂർണ്ണമല്ല | 1-17 |
| 44 | രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാകുന്നില്ല | 1-18 |
| 45 | ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നു | 1-19 |
| 46 | റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-20 |

| | | |
|---|---|---|
| 47 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-21 |
| 48 | ലേലം-അപാകങ്ങൾ | 1-22 |
| 49 | ദേശീയ പാതയോരത്ത് അണ്ടത്തോട് ടേക്ക്-എ-ബ്രേക്ക് യൂണിറ്റിന് സമീപത്തായി വാട്ടർ ATM സ്ഥാപിക്കൽ-തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 50 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും അണ്ടത്തോട് വി.പി.മാമു സ്മാരക കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് കസേരകൾ വാങ്ങിയിട്ടില്ല | 1-24 |
| 51 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ വിവരങ്ങളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-25 |
| 52 | ബാലസഭ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക അനുവദിച്ചു | 1-26 |
| 53 | പട്ടിക ജാതി വിവാഹ ധനസഹായം-പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-27 |
| 54 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-28 |
| 55 | സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകങ്ങൾ | 1-29 |
| 56 | അനുപൂരക പോഷകാഹാരം-ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-30 |
| 57 | ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 58 | മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-32 |
| 59 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം | 1-33 |
| 60 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ | 1-34 |
| 61 | ഇന്റർലോക്ക് റോഡുകൾ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ | 1-35 |
| 62 | ഇലക്ട്രിക്കൽ പണികളുടെ എസ്റ്റിമേറ്റ് നൽകിയതിന് പ്രതിഫലം ജി.എസ്.ടി. ഉൾപ്പെട്ട തുകക്ക് നൽകി | 1-36 |
| 63 | മോണിറ്ററിങ്ങ് കമ്മറ്റി മരാമത്ത് പ്രവർത്തികളുടെ പൂർത്തികരണം വിലയിരുത്തുന്നില്ല | 1-37 |
| 64 | അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർമ്മാണം കരാറിലെ വ്യവസ്ഥകൾ വിരുദ്ധമായി നീട്ടിവെക്കപ്പെടുന്നു | 1-38 |
| 65 | കെട്ടുങ്ങൽ കുടിവെള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഇലക്ട്രിക്കൽ പണികളുടെ എസ്റ്റിമേറ്റ് നൽകിയതിന് പ്രതിഫലം ജി.എസ്.ടി. | 3-1 |

| | | |
|---|---|---|
| | ഉൾപ്പെട്ട തുകക്ക് നൽകി | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രിക-സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.06.2023 ലെ 09/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 18.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-1-2 മുൻ വർഷ ബാങ്ക് നീക്കിയിരിപ്പും തൻവർഷ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിലെ മുൻ വർഷ നീക്കിയിരിപ്പും ഈ വർഷത്തെ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് | 2021-22 ഓഡിറ്റിനു സമർപ്പിച്ച വാർഷികകണക്ക് പ്രകാരം നീക്കിയിരിപ്പ് (ബി-17 പ്രകാരം) | 2022-23 ലെ മുന്നിരിപ്പ് (ആർ.പി 40(എ)പ്രകാരം) |
|---|---|---|
| SBI 67382049589 | 1,192,119 | 1,191,501 |
| SBI 67060149578 | 2390 | 3008 |

2021-22 ഓഡിറ്റിനു ശേഷം വാർഷികകണക്കിൽ മാറ്റം വരുത്തിയതു മൂലമാണ് മേൽ പ്രകാരം മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകൾ വ്യത്യാസപ്പെട്ടത്. വാർഷികകണക്കിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

### 1-1-3 ബാധ്യതാ ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയില്ല-ബാലൻസ്ഷീറ്റിൽ നെഗറ്റീവ് നീക്കിയിരിപ്പ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം താഴെ പറയുന്ന ഇനങ്ങൾ നെഗറ്റീവ് ബാലൻസ് കാണിച്ചിരിക്കുന്നു.

| ശീർഷകം | ഇനം | തുക |
|---|---|---|
| 350110101 | Employee Liabilities-Gross Salary Payable | -39516 |
| 350200204 | Recoveries Payable-NPS | -20795 |
| 350200205 | Recoveries Payable-CGST | -6116 |
| 350200207 | Recoveries Payable-Other Deductions | -2075 |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാധ്യതാശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്താതെ ഈ ശീർഷകങ്ങളിൽ നിന്നും പേയ്മെന്റ് രേഖപ്പെടുത്തിയതാണ് ഇപ്രകാരം ബാലൻസ്ഷീറ്റിൽ നെഗറ്റീവ് നീക്കിയിരിപ്പ് വരാൻ കാരണമായത്. ഈ റിക്കവറികൾക്ക് ആധാരമായ ചെലവ് അക്രൂ ചെയ്യുന്ന എൻട്രി യഥാസമയം രേഖപ്പെടുത്തേണ്ടതും റിക്കവറി തുകകൾ വരവായി ചേർക്കേണ്ടതുമാണ്. വരും വർഷത്തിൽ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 11, തീ.20.09.2023) മറുപടി നൽകിയിട്ടുണ്ട് .

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11,77,363/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,89,68,837/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-5 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ

ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2971572 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 2945653<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

നോൺ റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2959564 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 2937164<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 22934 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 6803<br>((4135+3008)/105*100))(2021-22 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 185225 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 14126<br>((7556+7277)/105*100))(2021-22 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1-1-6 ലൈബ്രറി സെസ്സ്-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് (തൻവർഷം + കുടിശ്ശിക) | കളക്ഷൻ (തൻവർഷം + കുടിശ്ശിക) | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 153070 | 151764 | 1796 | -- | 2195321 |
| | നോൺ-റെസിഡൻഷ്യൽ | 207244 | 157523 | 533 | -- | 1010622 |
| | ആകെ | 360314 | 309287 | 2329 | 3311 | 32575 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 362198 | 310413 | --- | 311297 (366+1518+151333+1114+148219+8744+3) | 50901 |
| | | 1056+361142= (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies...... ലെഡ്ജർ 2022-23) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്)) | | (431910101 -State Govt. Cess/levies. ലെഡ്ജർ 2022-23) | |

ലൈബ്രറി സെസ്സ് ഇനത്തിൽ തൻവർഷം കളക്ഷൻ വാർഷിക കണക്ക് പ്രകാരം 310413 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 309287 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 311297 രൂപയാണ്.

(വൗച്ചർ നം. 42100722, 42100723 + 42100735 + 42100737) തീ. 31.3.2023 (366 + 1151333 + 1114 + 148219 + 1570 + 8744 + 3 = 311297).

വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-1-7 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡി.സി.ബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues | 481166 | 462884 |

| | | | |
|---|---|---|---|
| | -Property Tax On Residential Building | | |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 212892 | 217084 |

## 1-1-8 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ്ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയകൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഫാക്ടറി-വ്യാപാര ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
4. ലൈബ്രറി രജിസ്റ്റർ
5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
8. ക്രിമിറ്റോറിയം വരവ് രജിസ്റ്റർ

## 1-1-9 തൊഴിൽനികുതി (പ്രൊഫഷണൽസ്/ഇൻസ്റ്റിറ്റ്യൂഷൻസ്) ഡിമാന്റ്-രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട തൊഴിൽനികുതി (പ്രൊഫഷണൽസ്/ഇൻസ്റ്റിറ്റ്യൂഷൻസ്) ഡിമാന്റ് തുക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | |
|---|---|---|
| | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
| തൊഴിൽനികുതി (പ്രൊഫഷണൽസ്/ഇൻസ്റ്റിറ്റ്യൂഷൻസ്) | 177040 | 137000 |

## 1-1-10 അക്രൂവൽ അല്ലാതെ രേഖപ്പെടുത്തേണ്ട ഇനങ്ങൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

കാഷ് അടിസ്ഥാനത്തിൽ(അക്രൂവൽഅല്ലാതെ) രേഖപ്പെടുത്തേണ്ട ലൈബ്രറി വരവ് താഴെ ചേർത്തിരിക്കും പ്രകാരം ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | രസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|

| | | | |
|---|---|---|---|
| ലൈബ്രറി വരവ് | 10140 | 10140 | 10660 |

### 1-1-11 വരുമാനങ്ങൾക്ക് മുൻകൂർ ആയി ലഭിച്ച തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31.03.2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues -Professional Tax/inst/trad/prof | 254150 |
| 2 | ഫാക്ടറി-വ്യാപാര ലൈസൻസ് | 350410301-Advance Collection Of Revenues -Property Tax On Non-Residential Building | 137000 |

### 1-1-12 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-19 പ്രകാരം, "190000000-Prior Period Income "എന്ന ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ (I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 202126 |

### 1-1-13 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.

### 1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും

മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-15 ലോൺ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

330500201-Secured Loans-loan From KURDFC ലെഡ്ജർ പ്രകാരം ലോൺ മുന്നിരിപ്പ് 18452397 രൂപയും തിരിച്ചടവ് 3702986 രൂപയും നീക്കിയിരിപ്പ് 14749411 രൂപയുമാണ്. എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവ ചേർത്തിട്ടില്ല.

## 1-1-16 തൊഴിലുറപ്പ്പദ്ധതി-വാർഷികകണക്കിലെ വരവ് ചെലവ് തുകകളിൽ വ്യത്യാസം

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14 (C)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം 32510358/- രൂപയും റവന്യൂ ചെലവും 32038248/- രൂപയുമാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ആകെ വരവ് 32946344/- രൂപയും ആകെ ചെലവ് 32512803/- രൂപയുമാണ്. വാർഷികകണക്കിലെ ആകെ വരവ് തുകയിൽ ബാങ്ക് പലിശ 4666 രൂപ, ഗ്രാന്റ് വരവ് 431320 രൂപ എന്നിവ ഉൾപ്പെടാതിരുന്നതാണ് മേൽ വ്യത്യാസത്തിന് കാരണമായത്.

## 1-1-17 തൊഴിലുറപ്പ്പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയില്ല

തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം താഴെ പറയുന്ന ആസ്തികൾ നിർമ്മിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | കളരി ലിങ്ക് റോഡ് നിർമ്മാണം | 478902.31 |
| 2 | കുണ്ടൻ കോൾ പടവ് റോഡ് നിർമ്മാണം | 463987.62 |
| 3 | വിളക്കരി സ്കൂൾ റോഡ് നിർമ്മാണം | 381675.07 |
| 4 | ഐനിക്കൽ റോഡ് നിർമ്മാണം | 417358.52 |
| 5 | നെഹ്റു റോഡ് നിർമ്മാണം | 456653.37 |

ഈ തുക റെവന്യൂ വരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ കൂടുതലായി കാണിക്കുന്നു. ബാലൻസ് ഷീറ്റിൽ മേൽ തുകക്കുള്ള ആസ്തികളും തത്തുല്യമായ തുകക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷനും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## 1-1-18 ഡെപ്പോസിറ്റ് രജിസ്റ്റർ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റുമായി നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഡെപ്പോസിറ്റുകളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻസ്ഷീറ്റ്ഷെഡ്യൂൾ ബി 7 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| | ബാലൻസ് ഷീറ്റ്ഷെഡ്യൂൾ ബി 7 പ്രകാരം നീക്കിയിരിപ്പ് | രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| Suppliers EMD | 70650 | 12375 |
| Contractors EMD | 56745 | 53550 |
| Suppliers SD | 34467 | 51967 |

ബാലൻസ് ഷീറ്റ്ഷെഡ്യൂൾ ബി 7 പ്രകാരം Contractors SD, Bidders EMD, Contractors Retention, Other Deposit എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയവയുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-19 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

കാലാവധി കഴിഞ്ഞ "Contractors EMD", "Suppliers EMD"ഇനങ്ങളിലുള്ള താഴെ പറയുന്ന ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

| ഡെപ്പോസിറ്റ് തീയതി | തുക |
|---|---|
| 17.10.2017 | 4750 |
| 17.10.2017 | 800 |
| 17.10.2017 | 12500 |
| 15.10.2012 | 5000 |
| 12.12.2013 | 26600 |
| 18.03.2013 | 400 |
| 19.03.2013 | 200 |
| 19.10.2016 | 3750 |
| 16.10.2017 | 10000 |
| 06.01.2018 | 1690 |
| 02.03.2018 | 4226 |

കേരള ഫിനാൽഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ചു നൽകേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. ഡെപ്പോസിറ്റുകൾ മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-20 ഓണം അഡ്വാൻസ്-വാർഷികകണക്കിൽ വ്യത്യാസം

വാർഷിക കണക്ക് ഷെഡ്യൂൾ B-18 ൽ 460100101 Festival Advance ശീർഷകത്തിൽ -12000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ, റെസീപ്റ്റ് & പേയ്മെന്റ് പത്രിക 2022-23 ൽ ഈയിനത്തിലെ വരവ് ചെലവുകൾ തുല്യമാണ്. Festival Advance ശീർഷകത്തിൽ മേൽ പ്രകാരം നെഗറ്റീവ് ബാലൻസ് വന്നത് പരിശോധിക്കേണ്ടതാണ്.

## 1-1-21 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ, ചെലവഴിക്കാൻ 31/3/2022 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/2022 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320300102 | Grants, Funds & Contributions For Specific Purposes - Other Government Agencies - Jalanidhi | 1226656 | 450210101 | SBI 57008831322 | 1399596 |
| 2 | 320200104 | CFC Basic Grant | 789516 | 450210102 | Kerala State Co-operative | 6522743 |

| | | | | |
|---|---|---|---|---|
| 320200113 | CFC Tied Grant | 5649201 | | Bank 80015211114 |
| | ആകെ (789516 + 5649201) | 6438717 | | |

ജലനിധി അക്കൗണ്ടിൽ ശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടുള്ളതാണെന്നും സി.എഫ്.സി ഗ്രാന്റിലുള്ള 84026/- രൂപ വിവിധ ഡിഡക്ഷൻസ് അടവാക്കാനുള്ളതുമാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.11, തീ. 20-09-2023) മറുപടി നൽകിയത്. തുകകൾ വരും വർഷത്തിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-22 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450610101 | CSB 000604002771190001 | 2536211 |
| 2 | 450210101 | SIB 0950053000000407 | 620838 |

ഓഡിറ്റ് എൻക്വയറിക്ക് (നം. 11, തീ. 20-09-2023) നൽകിയ മറുപടിയിൽ CSB അക്കൗണ്ട് ഹൗസിംഗിനുള്ളതാണെന്നും SIB അക്കൗണ്ട് 'Performance Based Incentive Grant'നുള്ളതാണെന്നുമാണ് അറിയിച്ചത്. എന്നാൽ ബി-4 ൽ ഹൗസിംഗ് ഇനത്തിൽ നീക്കിയിരിപ്പ് പൂജ്യമാണ്. 'Performance Based Incentive Grant' ബി-4 ൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ അക്കൗണ്ടുകൾ പരിശോധിച്ച് നീക്കിയിരിപ്പ് തുകകളെ സംബന്ധിച്ച് ഉചിത നടപടി കൈക്കൊള്ളേണ്ടതാണ്.

1-1-23 ഇൻവെസ്റ്റ്മെന്റ് തെറ്റായി ബാങ്ക് നിക്ഷേപമായി രേഖപ്പെടുത്തിയത് നാളിതുവരെ ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് B-17 Cash And Bank Balance ഷെഡ്യൂളിൽ 450210102 ശീർഷകത്തിൽ Trichur Co-operative Spinning Mill (FD)-(0000001)-ആയി ₹5,000/- രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കുവാൻ ബാങ്ക് പാസ്ബുക്കോ രേഖകളോ ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയത് സ്ഥിര നിക്ഷേപമാണെങ്കിൽ ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിക്കേണ്ടതാണെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-1-14) നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ആയത് ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. സ്ഥിര നിക്ഷേപം ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-24 " Directly Debited By Bank" തുകകൾ ക്രമീകരിച്ചില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ ആയതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ

അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| അക്കൗണ്ട് നം./ബാങ്ക് | തീയതി | തുക |
|---|---|---|
| Punnayurkulam Service Cooperative Bank 1888 | 31.3.2023 | 60 |

## 1-1-25 സാങ്കല്പിക വരവ് ചെലവ് ഉൾപ്പെടുത്തി റീകൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നു

പുന്നയൂർകുളം സർവ്വീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ട് (1888) ന്റെ 31.03.2023 ലെ റീകൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത് "Cash Or Cheque Withdrawal" എന്ന ഇനത്തിൽ 13118 രൂപ വരവും, 37187 രൂപ ചെലവും രേഖപ്പെടുത്തിയാണ്. എന്നാൽ മേൽ വരവ് ചെലവുകൾ യഥാർത്ഥമാണോയെന്ന് പരിശോധിക്കാൻ ആവശ്യമായ ചെക്ക് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. ഇൻസ്ട്രുമെന്റ് നമ്പറായി "123 " എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ അക്കൗണ്ട് പരിശോധിച്ച് വരവ് ചെലവുകൾ കൃത്യമാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-26 ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ ചെലവ് രേഖപ്പെടുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500*** –Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്/ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്/ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|
| 1 | 25 | ആർദ്രം പദ്ധതി-ജീവിതശൈലീ രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ | 251110008 |
| 2 | 26 | ആർദ്രം പദ്ധതി-പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 251110008 |

വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രം ചെലവ്/ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തൽ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 22/03/2022 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 27,08,41,310 | 26,73,23,000 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തീയതി | 15/03/2023 1(1) | |

| | | |
|---|---|---|
| കമ്മിറ്റി തീരുമാനം<br><br>റിവൈസ്ഡ് ബജറ്റ് | | |
| കമ്മിറ്റി തീരുമാനം | | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 28,11,15,004 | 26,01,47,756 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 3,44,70,000 | 3,44,70,000 | 3,28,29,514 | 16,40,486** |
| വികസന ഫണ്ട്-എസ്.സി.പി | 0 | 66,14,000 | 66,14,000 | 66,14,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 98,35,000 | 98,35,000 | 62,85,536 | 35,49,464** |
| മെയിന്റനൻസ് ഫണ്ട് -നോൺറോഡ് | 0 | 67,15,000 | 67,15,000 | 63,23,001 | 3,91,999** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic) BANK | 4969255 | 5496674 | 10465929 | 9676413 | 789516 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic) TREASURY | 0 | 610721 | 610721 | 563376 | 47345** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) BANK | 7208000 | 7465000 | 14673000 | 9023799 | 5649201 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) TREASURY | 0 | 875061 | 875061 | 635341 | 239720** |
| TSC | 0 | 120000 | 120000 | 120000 | 0 |

| | | | | | |
|---|---|---|---|---|---|
| ICDS | 1281639 | 1860464 | 3142103 | 935846 | 2206257 |
| വിമുക്തി | 13100 | 0 | 13100 | 0 | 13100 |
| ശുചിത്വമിഷൻ | 166500 | 0 | 166500 | 120000 | 46500 |
| ഹെൽത്ത് ഗ്രാന്റ് (PHC) | 0 | 240188 | 240188 | 103345 | 136843 |
| ഹെൽത്ത് ഗ്രാന്റ് (Wellness) | 0 | 111898 | 111898 | 0 | 111898 |
| Grants For Other Purposes | 200000 | 1201533 | 1401533 | 1201533 | 200000 |
| ജലനിധി | 1226656 | 0 | 1226656 | 0 | 1226656 |
| Total Sanitation | 1804715 | 0 | 1804715 | 1153940 | 650775 |
| Other Financial Institutions | 310000 | 56780 | 366780 | 8992 | 357788 |
| Other Grants, Funds & Contributions For Specific Purposes | 0 | 160807 | 160807 | 0 | 160807 |
| Other Schemes | 0 | 153196 | 153196 | 0 | 153196 |
| Nirmal Puraskar | 244700 | 0 | 244700 | 0 | 244700 |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 216 | 17,12,56,184 | 161 | 9,52,89,298 | 55.6 | 74.5 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3008 | 908096 | 911104 | 474555 | 436549 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 26828286 | 26828286 | 26828286 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 5209962 | 5209962 | 5209962 | 0 |
| ആകെ | 3008 | 32946344 | 32949352 | 32512803 | 436549 |

ചെലവ് തുകയിൽ 2445 രൂപ വാർഷിക ധനകാര്യ പത്രിക പ്രകാരം കൂടുതലുണ്ട്. ടി തുക GIS SURVEYയിൽ എന്യൂമറേറ്റർമാർക്കുള്ള ഫണ്ട് കൊടുത്തതിൽ REJECTION വന്നിട്ടുള്ള തുക കൊടുത്തതാണ്.

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3839400 | 360 |
| വിധവാ പെൻഷൻ | 20258400 | 1920 |
| വാർദ്ധക്യകാല പെൻഷൻ | 24369400 | 2413 |
| വികലാംഗ പെൻഷൻ | 4308000 | 407 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 772200 | 77 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 570000 | 19 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-09-2023 തീയതിയിൽ 02.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3353/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി 2023 ജനവരിയിൽ എല്ലാ വാർഡുകളിലും വസ്തുനികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് 2022 ഡിസംബറിലും, 2023 ജനവരിയിലും മൈക്ക് അനൗൺസ്മെന്റ് പോലെയുള്ള പ്രചാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് 100% നികുതി പിരിച്ചെടുത്തിട്ടുണ്ട്. ആയതുകൊണ്ട് തന്നെ 01.06.2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നില്ല. നികുതി പിരിവ് സംബന്ധിച്ച് ജീവനക്കാർക്ക് ഓഫീസ് ഓർഡർ മുഖേന ടാർഗറ്റ് നിശ്ചയിച്ച് നൽകാറുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ്

മീറ്റിംഗുങ്ങളിലും നടത്തുന്നില്ല. തുടർന്നുള്ള എല്ലാ ഗ്രാമസഭകളിലും ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 01/15.09.2023).

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

<table>
<tr><th>ഇനം</th><th>2021-22</th><th>2022-23</th><th colspan="2">വർദ്ധനവ് (%)</th></tr>
<tr><td>വസ്തുനികുതി റെസിഡൻഷ്യൽ</td><td>2826474</td><td>2980928</td><td>5.50%</td><td rowspan="2">482 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു.</td></tr>
<tr><td>വസ്തുനികുതി നോൺ റെസിഡൻഷ്യൽ</td><td>2518111</td><td>3941491</td><td>56.53%</td></tr>
<tr><td>തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് & പ്രൊഫഷണൽസ്</td><td>388190</td><td>348150</td><td colspan="2">-10.32%</td></tr>
<tr><td>തൊഴിൽ നികുതി - ജീവനക്കാർ</td><td>992520</td><td>1337153</td><td colspan="2">34.72%</td></tr>
<tr><td>FACTEOS ലൈസൻസ്</td><td>184250</td><td>141800</td><td colspan="2">-23.04%</td></tr>
</table>

തൊഴിൽ നികുതി - സ്ഥാപനങ്ങൾ, ട്രേഡേഴ്സ്, പ്രൊഫഷണൽസ്, FACTEOS ലൈസൻസ് എന്നീ ഇനങ്ങളിൽ മുൻ വർഷത്തേക്കാൾ ഡിമാന്റ് കുറവാണ്. ഹൈവേ വികസനത്തിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള ധാരാളം സ്ഥാപനങ്ങൾ പൊളിച്ച് മാറ്റിയിട്ടുണ്ട്. ആയത് മേലിനങ്ങളിലെ ഡിമാന്റ് കുറയാൻ കാരണമായിട്ടുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ മേഖല തരംതിരിവ് എന്നിവ സംബന്ധിച്ച വിജ്ഞാപനം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.04.2023 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം 01.04.2023 പ്രാബല്യത്തിൽ അംഗീകരിച്ച് തീരുമാനിച്ചിട്ടുള്ളതാണ്.

2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. 01.04.2023 തീയതി മുതൽ നടത്തേണ്ട പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് IKM-ൽ നിന്നും സോഫ്റ്റ്വെയർ അപ്ഡേഷൻസ് ലഭ്യമാകാത്തതിനാൽ സഞ്ചയ സോഫ്റ്റ്വെയറിൽ പുതിയ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ പുതുക്കിയ നിരക്കിൽ നിലവിൽ (01.04.2023 മുതൽ) നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത

മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ വിവിധ മേഖലകൾ ആയി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ മേഖലാ തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയതി.20.06.2022 പ്രകാരം ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്കെതിരെയുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പറുകൾ നല്കിയതായും കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

<u>സേവന ഉപനികുതി</u>

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

<u>തൊഴിൽ നികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

<u>വിനോദനികുതി</u>

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്താനുമതി നല്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സിനിമ തിയറ്ററുകളൊന്നും പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല.

<u>നികുതിയേതര വരവുകൾ</u>

<u>(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്</u>

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ്, ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18,21,24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) <u>ലേലം, വാടക, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന</u>

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്. ലേലം സംബന്ധിച്ച അപാകതകൾ ഖണ്ഡിക

1-21 ൽ പരാമർശിച്ചിട്ടുണ്ട്.
(ഓഡിറ്റ് എൻക്വയറി നം. 10/20.09.2023 )

3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 രസീത് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഉപയോഗശേഷം രസീത് ബുക്കിലെ ബാക്കി വന്നിട്ടുള്ള രസീതുകൾ ക്യാൻസൽ ചെയ്യിട്ടില്ല.

രസീത് ബുക്ക് 10485, രസീത് നം. 89 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്യിട്ടില്ല.
രസീത് ബുക്ക് 10489, രസീത് നം. 70 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്യിട്ടില്ല.
രസീത് ബുക്ക് 10481, രസീത് നം. 79 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്യിട്ടില്ല.
രസീത് ബുക്ക് 10488, രസീത് നം. 8 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്യിട്ടില്ല.

2. രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല.
രസീത് ബുക്ക് 10481, രസീത് നം. 59, 62, 64, 72-76, 78, 79
രസീത് ബുക്ക് 10488, രസീത് നം. 1-8

രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.11/21.09.2023).

## 1-11 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചു

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ശ്രീചിത്തിര എം. വി. (LPST – Daily Wage) | GMLPS പുന്നയൂർക്കുളം | ഒന്നാം അർദ്ധവർഷം | 90133 | 750 | 600 | 150 |
| 2 | വിദ്യ കെ. (LPST – Daily Wage) | GMLPS പുന്നയൂർക്കുളം | ഒന്നാം അർദ്ധവർഷം | 90133 | 750 | 600 | 150 |
| 3 | റീജ എം. പി (LPST – Daily Wage) | GMLPS പുന്നയൂർക്കുളം | ഒന്നാം അർദ്ധവർഷം | 80133 | 750 | 600 | 150 |

കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.06/19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട്

അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 സാമ്പത്തികവർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സുനിൽ ഇ.വി.
2. മുഹമ്മദ് അഷറഫ് യു.
3. സുരേഷ് കെ. എസ്.
4. ജിഷ്ണുകുമാർ പി.
5. മുബഷിർ
6. അഷ്കർ എം. പി.
7. പ്രദീപ് ടി. ആർ.
8. അലിഅക്ബർ എം. ടി.
9. വിജയൻ കെ. എ.

10 സുനിൽകുമാർ എം. എം.

11. പ്രവീൺ പ്രസാദ് പി. ടി
12. ബിനോജ് സി.

എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തികവർഷ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.6/19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-13 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 11 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | (1) Thangalppadi | 548 | 1 | 547 | 0 | 547 | 0 | 547 | 1 |
| 2 | (2) Nakkola | 528 | 0 | 528 | 0 | 528 | 0 | 528 | 0 |
| 3 | (3) Cherayi | 570 | 0 | 570 | 0 | 570 | 0 | 570 | 0 |
| 4 | (4) Thrippatt | 560 | 0 | 560 | 0 | 560 | 0 | 560 | 0 |
| 5 | (5) Mavinchuvadu | 572 | 0 | 572 | 0 | 572 | 0 | 572 | 0 |
| 6 | (6) Punnayurkulam | 721 | 0 | 721 | 0 | 721 | 0 | 721 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | (7) Chammannur North | 706 | 0 | 706 | 0 | 706 | 0 | 706 | 0 |
| 8 | (8) Chammannur South | 666 | 0 | 666 | 0 | 666 | 0 | 666 | 0 |
| 9 | (9) Paroor | 493 | 1 | 492 | 0 | 492 | 0 | 492 | 1 |
| 10 | (10) Attupuram | 672 | 5 | 667 | 0 | 667 | 0 | 667 | 5 |
| 11 | (11) Althara | 886 | 2 | 884 | 0 | 884 | 0 | 884 | 2 |
| 12 | (12) Punnookavu | 534 | 0 | 534 | 0 | 534 | 0 | 534 | 0 |
| 13 | (13) Kadikkad | 508 | 0 | 508 | 0 | 508 | 0 | 508 | 0 |
| 14 | (14) Poozhikkala | 791 | 1 | 790 | 0 | 790 | 0 | 790 | 1 |
| 15 | (15) Edakkara | 547 | 0 | 547 | 0 | 547 | 0 | 547 | 0 |
| 16 | (16) Pappali | 471 | 0 | 471 | 0 | 471 | 0 | 471 | 0 |
| 17 | (17) Kumaranpadi | 455 | 0 | 455 | 0 | 455 | 0 | 455 | 0 |
| 18 | (18) Andathode | 514 | 1 | 513 | 0 | 513 | 0 | 513 | 1 |
| 19 | (19) Periyambalam | 458 | 0 | 458 | 0 | 458 | 0 | 458 | 0 |
| | Total | 11200 | 11 | 11189 | 0 | 11189 | 0 | 11189 | 11 |

ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.13/21.09.2023)

## 1-14 വസ്തു നികുതി-മേഖലാ നിർണ്ണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണ്ണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിനെ വിവിധ മേഖലകളായി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും വാർഡ് തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 01/15.09.2023).

ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല.

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ മൂന്ന് മുതൽ പത്ത് വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡ് തരം | പ്രദേശം | മേഖല |
|---|---|---|---|---|---|
| 1 | III/23 | ജയരാജൻ ചൂൽപ്പുറത്ത് വീട് | 1.5 മീറ്ററിൽ കൂടുതൽ | കൊഴപ്പാമഠം ചെറായി റോഡ് | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | III/23 A | നിഷാദ് കാണക്കോട് വീട് | 1.5 മീറ്ററിൽ കൂടുതൽ | കൊഴപ്പാമഠം ചെറായി റോഡ് | തൃതീയം |
| 2 | V/4 A | ഹനീഫ കരിങ്ങാട്ടയിൽ | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | പ്രഥമം |
| | V/4 B | മുഹമ്മദാലി വാളങ്ങാട്ടിൽ | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | ദ്വിതീയം |
| 3 | V/20 | വീട്ടിലകത്ത് പാടിയോടത്ത് മുഹമ്മദ് ഷിഹാബുദ്ദീൻ | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | പ്രഥമം |
| | V/21 | വീട്ടിലകത്ത് പാടിയോടത്ത് മുഹമ്മദ് ഷിഹാബുദ്ദീൻ | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | ദ്വിതീയം |
| 4 | V/26 | അബ്ദുൾറഹിമാൻകോറോത്തയിൽ | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | പ്രഥമം |
| | V/26 A | ഷമീറ കുളിയാട്ടയിൽകുളിയാട്ടയിൽ | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | ദ്വിതീയം |
| 5 | V/184 | കുഞ്ഞിമോൾ മുതൽപേര് | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | പ്രഥമം |
| | V/185 | കുഞ്ഞിമോൾ മുതൽപേര് | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | ദ്വിതീയം |
| 6 | VI/119 | റംല കുന്നനയിൽ | 1.5 മീറ്ററിൽ കൂടുതൽ | ചങ്ങരംകുളം റോഡ് | പ്രഥമം |
| | VI/120 | റംല കുന്നനയിൽ | 1.5 മീറ്ററിൽ കൂടുതൽ | ചങ്ങരംകുളം റോഡ് | ദ്വിതീയം |
| 7 | VI/412 | ഉസ്മാൻ ചന്ദനത്തേല് | 5 മീറ്ററോ അതിൽ | സംസ്ഥാന പാത | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | | | കൂടുതൽ | | |
| | VI/413 | ഉസ്മാൻ ചന്ദനത്തോല് | 5 മീറ്ററോ അതിൽ കൂടുതൽ | സംസ്ഥാന പാത | പ്രഥമം |
| 8 | VII/12 | കുറുപ്പംവീട്ടിൽ സിദ്ദിഖ് | 1.5 മീറ്ററോ അതിൽ കുറവ് | നടപ്പാത | ദ്വിതീയം |
| | VII/12 A | സലീം കുറുപ്പംവീട്ടിൽ | 1.5 മീറ്ററോ അതിൽ കുറവ് | നടപ്പാത | ത്രിതീയം |
| 9 | VII/50 | കൊടിയാട്ടിൽ ബാബുരാജ് | 1.5 മീറ്ററിൽ കൂടുതൽ | ചെമ്മണ്ണൂർ പുഞ്ചപാടം റോഡ് | ദ്വിതീയം |
| | VII/50 A | മൊയ്തുട്ടി മകൻമുഹമ്മദ് പൊന്നബത്തയിൽവീട് | 1.5 മീറ്ററിൽ കൂടുതൽ | ചെമ്മണ്ണൂർ പുഞ്ചപാടം റോഡ് | പ്രഥമം |
| 10 | X/39 A | പീടികപറമ്പിൽ പ്രിയ | 5 മീറ്ററോ അതിൽ കൂടുതൽ | വാക്കത്തി റോഡ് | ദ്വിതീയം |
| | X/39 B | ഖാലിദ് അച്ചുകണ്ടായിൽ വീട് | 5 മീറ്ററോ അതിൽ കൂടുതൽ | വാക്കത്തി റോഡ് | പ്രഥമം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13/21.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിടനമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 40 രൂപയും 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും ആണ്. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 100 ച.മീറ്ററിലും കൂടുതലാണ്. എന്നാൽ, ഒരേ സമയം നികുതി നിർണ്ണയം നടത്തിയ ഈ കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഉപയോഗക്രമത്തിൽപെടുത്തി അടിസ്ഥാന നിരക്ക് 60/- രൂപക്ക് പകരം 40/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥൻ | ആകെ വിസ്തീർണം (ച:മീറ്റർ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1/5 A-D | ഭാസ്കരന് കറുത്തേടത്ത് | 122.4 |
| 2 | 1/345 B- F | നാലകത്ത് കാസിം | 114.59 |
| 3 | 2/168 A-F | വടക്കയിൽ ഹസീന | 140.22 |
| 4 | 7/471 A-G | സുബൈർഅറക്കൽ വീട് | 111.86 |
| 5 | 8/519 A-D | ഉമ്മാച്ചക്കുട്ടി ചേമ്പാലക്കാട്ടിൽ വീട് | 102.6 |
| 6 | 8/524 A-G | കുരുക്കൾപറമ്പിൽ കദീജക്കുട്ടിഉമ്മ | 187.12 |
| 7 | 10/170 E-M | മാളിയേക്കൽ ഫൈസൽ | 125.35 |
| 8 | 10/350 A-J | ആറ്റുപുറം സിറിയന് കത്തോലിക്ക പള്ളി | 538.51 |
| 9 | 10/540 B, C, E | ചേന്നാത്ത് സല്മാബി | 202.46 |
| 10 | 10/554 B, C, D, E, F, H, I, J | ഫൈസൽ ബാബു വലിയകത്ത് | 285.16 |
| 11 | 11/239 A-F, H, I, J, M | അബ്ദുൾ റഹ്മാൻചന്ദനത്ത് വീട് | 270 |
| 12 | 11/251 A-C | സെക്രട്ടറി വിസ്ഡം ഇസ്ലാമിക് ഓര്ഗനൈസേഷൻ,കോഴിക്കോട് | 109.09 |
| 13 | 11/333 A-D | ജയരാജൻ സി.വി ചാലത്തൂർ വളപ്പിൽ | 125.19 |
| 14 | 11/388 A-F | സത്യൻ വി.എ വടാശ്ശേരി | 200.26 |
| 15 | 11/441 C-F | അമ്പലത്ത് വീട്ടിൽ വള്ളിലയിൽ മുഹമ്മെദാലി മുതൽ പേര് | 264.95 |
| 16 | 11/667 A,B | അമ്പലത്ത് വീട്ടിൽ വള്ളിലയിൽ മുഹമ്മദാലി മുതൽ പേര് | 107.5 |
| 17 | 13/370 A-F | രവീന്ദ്രൻ ചൂൽപുറത്ത് | 115.04 |
| 18 | 15/168 A-F | ഷെറീന ഷെക്കീർ മുതലകുളങ്ങര ചാലിൽ, | 125.42 |
| 19 | 15/293 B-G | അബ്ദുറഹിമാൻ & ഷൈന ചന്ദനത്ത് | 292.49 |
| 20 | 15/411 A, B | ഹനീഫ മമ്മികുട്ടിയകത്ത് | 113.91 |

കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.13/21.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം-അപാകതകൾ

ഫയൽ നം. SC3/4050/22 Dtd. 15.07.2022 പ്രകാരം ഇൻഡസ് ടവേഴ്സ് പാലാരിവട്ടം പുന്നയൂർക്കുളം വില്ലേജിലെ 175/2A സർവ്വേ നമ്പറിൽ മൊബൈൽ ടവർ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറിന് 9/418 A എന്ന കെട്ടിട നമ്പർ അനുവദിക്കുകയും 4463 രൂപ നികുതി നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ ഷെൽട്ടറും ജനറേറ്ററും കൂടിയ ഏരിയ (6.60+1.90=8.50ചതുരശ്ര മീറ്റർ) മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മൊബൈൽ ടവറിന്റെ വിസ്തീർണ്ണം കാണിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയിക്കുന്നതിനായി മൊബൈൽ ടവറിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാതെ ഷെൽട്ടറും ജനറേറ്ററും കൂടിയ ഏരിയ (8.50 ച.മീ.) ഏരിയ മാത്രമാണ് എടുത്തിരിക്കുന്നത്.

ഫയൽ നം. SC3/4049/22 Dtd. 15.07.2022 പ്രകാരം ഇൻഡസ് ടവേഴ്സ് പാലാരിവട്ടം പുന്നയൂർക്കുളം വില്ലേജിലെ 175/2Aസർവ്വേ നമ്പറിൽ മൊബൈൽ ടവർ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണയിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറിന് 9/414 A എന്ന നമ്പർ അനുവദിക്കുകയും 1733 രൂപ നികുതി നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ ജനറേറ്റർ റും ഏരിയ (3.13 ച.മീ.) മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മൊബൈൽ ടവറിന്റെ വിസ്തീർണ്ണം കാണിച്ചിട്ടില്ല. വസ്തുനികുതി നിർണയിക്കുന്നതിനായി മൊബൈൽ ടവറിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാതെ ജനറേറ്റർ റും ഏരിയ (3.13 ച.മീ.) ഏരിയ മാത്രമാണ് എടുത്തിരിക്കുന്നത്.

മൊബൈൽ ടവറുകളുടെ വിസ്തീർണ്ണം കണക്കിലെടുക്കാതെ വസ്തുനികുതി നിർണ്ണയിച്ചതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/21.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
26.2.2022 ലെ നം. ആർ.ഡി.3/94/2020/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്ന രീതീയിലാണ് മൊബൈൽ ടവറുകളുടെ തറവിസ്തീർണം കണക്കാക്കേണ്ടതെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.
പ്രസ്തുത ടവറുകളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം മേൽ സർക്കുലർ പ്രകാരം വസ്തു നികുതി

പുനർനിർണയിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി പിരിവ് പൂർണ്ണമല്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 19/58 B/UA | അബൂബക്കർ പൊന്നാമ്പത്തയിൽ | 2022 1st & 2nd | 133085 |
| 19/189 A/UA | മൊയ്തുണ്ണി മുക്കണ്ടത്ത് | 2022 1st & 2nd | 7853 |
| 19/189 B/UA | | 2022 2nd | 2290 |
| 19/189 C/UA | | 2022 2nd | 2945 |
| 19/189 D/UA | | 2022 2nd | 2290 |
| 19/189 E/UA | | 2022 2nd | 2945 |
| 6/563 UA | സറഫുദ്ദീൻ & ഷക്കീർ | 2022 1st & 2nd | 201739 |
| 6/563 A/UA | | 2022 1st & 2nd | 348365 |
| 6/563 B/UA | | 2022 1st & 2nd | 149348 |

കുടിശ്ശിക വന്നിട്ടുള്ള തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/21.09.2023), കുടിശ്ശിക ഈടാക്കുന്നതിനായി കെട്ടിട ഉടമസ്ഥർക്ക് റവന്യൂ റിക്കവറി നോട്ടീസ്, ഓൺലൈൻ RR ചെയ്തിട്ടുള്ളതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാകുന്നില്ല

06.04.2022ലെ G.O(P) 75/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ILGMS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഇ-ഫയൽ സംവിധാനം ഉപയോഗിക്കുമ്പോൾ റിപ്പോർട്ട് ഫോറങ്ങൾ ഹാർഡ് കോപ്പിയായി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ വരവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ഓൺലൈൻ മാത്രമായാണ് കൈകാര്യം ചെയ്യുന്നത് എന്നാണ് അറിയിച്ചത്. വസ്തുനികുതിയുമായി ബന്ധപ്പെട്ട വേക്കൻസി റമിഷൻ, പൊളിച്ചുകളഞ്ഞ കെട്ടിടങ്ങൾ, എക്സ്-സർവ്വീസ്മെൻ നികുതി ഒഴിവ്, വസ്തുനികുതി ഒഴിവ് നൽകിയ മറ്റ് കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ, അപേക്ഷകളിന്മേലുള്ള അന്വേഷണ റിപ്പോർട്ടുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയലുകൾ ഓൺലൈനിലായതിനാൽ ഇവയുടെ അപേക്ഷകളും രജിസ്റ്ററും പ്രത്യേകം സൂക്ഷിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. എന്നാൽ ഓഡിറ്റിന് അനുവദിച്ച ILGMS ലോഗിനിൽ പ്രസ്തുത രേഖകൾ ലഭ്യമല്ലാത്തതിനാൽ അവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-19 ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(1) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(2) ആട് ഫാം : 20 മൃഗങ്ങൾ

(3) പന്നി ഫാം : 5 മൃഗങ്ങൾ

(4) മുയൽ ഫാം : 25 മൃഗങ്ങൾ

(5) പൗൾട്രി ഫാം : 100 പക്ഷികൾ

2022-23 സാമ്പത്തികവർഷം ലൈവ്സ്റ്റോക്ക് ഫാമുകളുടെ അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും (ഫോറം 6) പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | റംല ഹൈഡ്രോസ് | 2/160 A | 120 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 2. | ഫൈസൽ തേച്ചൻപുരയ്ക്കൽ | 15/2 A | 242 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 3. | സിദ്ദിഖ് നാലകത്ത് | 18/39 B | 445.27 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഷെഡുകളിൽ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെയാണോ പ്രവർത്തിക്കുന്നത് എന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണെന്നും 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18 ൽ മേൽ വിഷയം പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഫാം ലൈസൻസ് സംബന്ധിച്ച് നാളിത് വരെ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.06/08.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക്/കോഴിവളർത്തൽ ഷെഡുകളിൽ ഫീൽഡ് പരിശോധന നടത്തി വ്യവസ്ഥകൾക്കനുസരിച്ച് ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്നു പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-20 റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കട, ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ FACTEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ റേഷൻകടകൾ, അബ്കാരി ഷോപ്പുകൾ ഒന്നുംതന്നെ ലൈസൻസ് എടുത്തതായി കണ്ടിട്ടില്ല. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 08/19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകളും, അബ്കാരി ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി അവരെക്കൊണ്ട് ലൈസൻസ് എടുപ്പിച്ച് തനതുവരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-21 പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

I. പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്ന കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും,പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റംതുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2022-23 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FATEOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ എടുക്കാതെ/പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

1. റോയൽ ക്ലിനിക്ക് ലബോറട്ടറി – 14/651

2.സെഞ്ചുറി ഹൈടെക്ക് ലബോറട്ടറി – 18/94

മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതിന് മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 09/19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരമറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനും, ഫീസ് അടയ്ക്കുവാനും പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ട് സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ലൈസൻസിനോടൊപ്പം തന്നെ പുതുക്കി നൽകാവുന്നതാണ്.

II. പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.142 & 143 പ്രകാരം യഥാക്രമം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. 2022-23 സാമ്പത്തികവർഷത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ

എടുക്കുകയോ/പുതുക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ന്യൂ ഡെന്റൽ ക്ലിനിക്ക് –9/9

2. മെയ്‌വേദ ആയുർവ്വേദിക് റിസോർട്ട് & വെൽനെസ് സെന്റർ – 16/257 A-D

3. മൈ ലൈഫ് മെഡിക്കൽസ് –10/350 L

പ്രസ്തുത സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 09/19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിച്ച് വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-22 ലേലം-അപാകങ്ങൾ

1. 20.06.2022 ന് നടന്ന ലേലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഭാഗമായി Earth Work Excavation ചെയ്ത മണ്ണ് ലേലം ചെയ്തതിന്റെ വരവുകൾ ബുക്ക് ചെയ്തിരിക്കുന്ന 1501001008 - Receipt From Sale Of Sand എന്ന ശീർഷകത്തിൽ മുഴുവൻ തുകയും വരവ് വന്നിട്ടില്ല. ലെഡ്ജർ പ്രകാരം വരവ് വന്ന തുക 75,100 രൂപയാണ്. എന്നാൽ ലേലത്തിൽ ലഭ്യമായ തുകകൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ലേലം കൊണ്ടയാളുടെ പേര് വിവരങ്ങൾ | ലേലം കൊണ്ട തുക |
|---|---|---|---|
| 1 | മൊയ്തീൻ പള്ളി റോഡ് കാന നിർമ്മാണം | ഹാരിസ് പി.കെ | 41300 |
| 2 | പൂഴിക്കള പുന്നൃക്കാവ് റോഡ് | സുനിൽ ഇ.വി | 8500 |
| 3 | മാനവീയം റോഡ് കാന നിർമ്മാണം | റാഫി ഹുസൈൻ | 28700 |
| 4 | ചെമ്മണ്ണൂർ സ്കൂൾത്താഴം റോഡ് | സുനിൽ ഇ.വി | 10100 |
| 5 | പെരിയമ്പലം ബീച്ച് ലിങ്ക് റോഡ് | സുനിൽ ഇ.വി | 11500 |
| ആകെ | | | 100100 |

ലേലത്തുകയിൽ നിന്നും 5000/- രൂപ വീതം കുറവായാണ് വരവ് ബുക്ക് ചെയ്തിട്ടുള്ളത്. ലേലത്തിൽ പങ്കെടുക്കുന്നതിന് 340100103 - Bidders EMD എന്ന ശീർഷകത്തിൽ ഇ.എം.ഡി.യായി അടവാക്കിയ തുകകൾ വരവായി ക്രമീകരിച്ചിട്ടില്ല.

2. 20.06.2022 ന് നടന്ന ലേലത്തിൽ ദുബായ് റോഡ് കാന നിർമ്മാണത്തിന്റെ ഭാഗമായ 53 $M^3$ മണ്ണ് 17400 രൂപയ്ക്ക് അഖിൽ എന്ന വ്യക്തി ലേലം കൊണ്ടിരിന്നു. എന്നാൽ മണ്ണ് നീക്കം ചെയ്യുന്നതിനായി ചെന്നപ്പോൾ പകുതിയിലേറെ മണ്ണ് ശക്തമായ മഴയിൽ ഒലിച്ച് പോയി നഷ്ടമായതിനാൽ ടി വ്യക്തിയ്ക്ക് ലേലതുക മടക്കി നൽകുന്നതിനായി ആവശ്യപ്പെട്ടിരുന്നു. അവശേഷിക്കുന്ന 22 $M^3$ മണ്ണ് പുനർലേലം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഫയലിൽ രേഖകളില്ല.

3. ഗ്രാമപഞ്ചായത്തിലെ ഇ-വേസ്റ്റുകളുടെ ലേലം 20.07.22 ന് നടന്നു. 61000 രൂപയ്ക്ക് ടി വസ്തുക്കൾ അഷ്കർഅലി എന്ന വ്യക്തിയാണ് ലേലം കൊണ്ടിരിക്കുന്നത്. എന്നാൽ ലേല തുക പഞ്ചായത്തിൽ അടവാക്കിയതായി രേഖകളിൽ നിന്നും വ്യക്തമല്ല. ടി തുക വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ലേല വസ്തുക്കളുടെ മൂല്യം സംബന്ധിച്ച് തദ്ദേശ ഭരണ

സ്ഥാപനത്തിലെ അസി. എഞ്ചിനീയർ നൽകിയ മൂല്യ നിർണ്ണയ സാക്ഷ്യപത്രം, ലേലം അംഗീകരിച്ച കൊണ്ടുള്ള ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലേല വസ്തുക്കളുടെ ഇനം, സമയം എന്നിവ രേഖപ്പെടുത്തിയ ലേല ഡയറി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/20.09.2023) മറുപടി ല്യമാക്കിയിട്ടില്ല. ആവശ്യമായ വിശദീകരണവും വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-23 ദേശീയ പാതയോരത്ത് അണ്ടത്തോട് ടേക്ക്-എ-ബ്രേക്ക് യൂണിറ്റിന് സമീപത്തായി വാട്ടർ ATM സ്ഥാപിക്കൽ-തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രയോജനപ്പെടുത്തി പ്രോജക്ട് നമ്പർ 208/23 ദേശിയ പാതയോരത്ത് അണ്ടത്തോട് ടേക്ക്-എ-ബ്രേക്ക് യൂണിറ്റിന് സമീപത്തായി വാട്ടർ ATM സ്ഥാപിക്കൽ പ്രകാരം, വാട്ടർ ATM (WATM500 LPHN) എന്ന ഉപകരണം TRRTECH TRADERS, TC29/1301, CSM NAGAR 215, VELLAYAMBALAM, SASTHAMANGALAM-PO, THIRUVANANTHAPURAM-695010 എന്ന സ്ഥാപനത്തിൽ നിന്നും (വൗച്ചർ നം. 22201422/31.03.23 തുക ₹ 3,55,000 ടാക്സ് ഉൾപ്പെടെ) വാങ്ങിയിട്ടുള്ളതാണ്. ഉപകരണം സ്ഥാപിച്ചതിന്റെയും തുടർ പ്രവർത്തനങ്ങളുടെയും വിവരം അറിയിക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/21.09.2023 ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. വാട്ടർ ATM സ്ഥാപിച്ചതും, പ്രവർത്തിപ്പിക്കുന്നതും സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാട്ടർ എ.ടി.എം സ്ഥാപിച്ചതിന്റേയും, പ്രവർത്തനം ആരംഭിച്ചതിന്റേയും വിവരം ലഭ്യമാക്കുന്നതുവരെ ഇതിനായി നടത്തിയ 3,55,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും അണ്ടത്തോട് വി.പി.മാമു സ്മാരക കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് കസേരകൾ വാങ്ങിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രയോജനപ്പെടുത്തി പ്രോജക്ട് നമ്പർ 40/22 അണ്ടത്തോട് വി. പി മാമു സ്മാരക കമ്മ്യൂണിറ്റി ഹാൾ അധിക സൗകര്യം ഒരുക്കൽ പ്രകാരം ഓഡിറ്റ് വർഷത്തിൽ ₹ 3,570 (ദർഘാസ് പരസ്യം നല്കിയതിന് ജനയുഗം പത്രത്തിന് തുക നല്കിയ ഇനത്തിൽ) വൗച്ചർ നം.22201088/07.02.23 ആയി ചെലവഴിച്ചിട്ടുള്ളതാണ്.

അണ്ടത്തോട് വി. പി. മാമു സ്മാരക കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് താഴെ പറയുന്ന സ്പെസിഫിക്കേഷനോടുകൂടിയ 255 എണ്ണം കസേര വാങ്ങുന്നതിന് (Chair Leg: Fabricated With 25"X25" 18swg Pepe And Flat 1.5X5 Flat For Foundation With Power Coated Arm Rest PPCP(poly Propelence Co Polymer) Seat:PU Injuction Moulded Foam Of 45 To 55 Density And Made With Marine Plywood Back Frame:PU Injuction Moulded Foam Of 26"X17" Average Of 2" Thick And 45 To50 Density With Back ABS Fabric :- 3layr Sanwitch Cloth Floor Fixing :- Chemical Boundary Work 90X8mm Bolt 2 Nos. Each Per Leg) 18.01.2023 ന് എസ്.സി-2-738/2023 നമ്പർ പ്രകാരം ഇ-ദർഘാസ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതും, ആയതു പ്രകാരം താഴെ പറയുന്നവർ കസേര വിതരണം ചെയ്യുന്നതിനായി ടെണ്ടർ സമർപ്പിച്ചിട്ടുള്ളതുമാണ്.

| ക്രമ നം. | കമ്പനിയുടെ പേര് | എണ്ണം | അടിസ്ഥാന വില | ആകെ |
|---|---|---|---|---|
| 1 | Kerala Sidco Sales Emporium Tvm | 255 | 3700 | 947200 |
| 2 | ARISTO Steel Fabricators | 255 | 3365 | 858075 |
| 3 | M/s. Featherline Furniture Indiz Pvt Ltd. Kozhikode | 255 | 4790 | 1221450 |
| 4 | Yusuf Malabar Trading LLP Elamkulam,Kunnakkavu-PO | 255 | - | 935850 |
| 5 | RK Industries | 255 | 3600 | 918000 |
| 6 | FIDCO Enterproses Kozhikode | 255 | 3488 | 929730 |

| | | | | |
|---|---|---|---|---|
| 7 | Star Chairs | 255 | - | 1180778 |
| 8 | ARTCO Ltd. | 255 | 4630 | 1180650 |

02.03.23 -ലെ ഭരണസമിതി തീരുമാനം നം.1/1 പ്രകാരം "വി. പി മാമു സ്മാരക കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി ലഭ്യമാകാത്ത സാഹചര്യത്തിൽ ടെണ്ടർ അംഗീകരിക്കുന്നത് മാറ്റിവച്ചു." എന്ന തീരുമാനിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.05.23 ലെ 400667/DPDC01/GA/2023/4614(1) നമ്പർ കത്തിൽ ടെണ്ടറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ആദ്യത്തെ മൂന്ന് കരാറുകാരായ ARISTO STEEL Fabricators, ഫിഡ്കോ എന്റർപ്രൈസസ്, ആർ. കെ ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളോട് മൂന്ന് ദിവസങ്ങൾക്കകം, ടെണ്ടറിൽ പറഞ്ഞ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ഫോട്ടോയോടുകൂടിയ സാധനങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നതാണ്. കത്തിനുള്ള മറുപടിയിൽ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ARISTO STEEL Fabricators എന്ന സ്ഥാപനത്തിന്റെ 20.05.23 തിയതിയിലെ കത്തിൽ, ടെണ്ടർ സോഫ്റ്റ്‌വെയറിലെ തകരാറുമൂലം, രേഖപ്പെടുത്തിയ തുകയിൽ വ്യത്യാസം വന്നതായും, ആയതിനാൽ ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയ്ക്ക് ഇതേ സ്പെസിഫിക്കേഷനിലുള്ള കസേര വിതരണം ചെയ്യുന്നത് സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്നതാണ് അറിയിച്ചിട്ടുള്ളതാണ്. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ രണ്ടാമത്തെ നിരക്ക് രേഖപ്പെടുത്തിയ FIDCO ENTERPRISES, കോഴിക്കോട് എന്ന സ്ഥാപനം 22.03.23 തിയതിയിലെ കത്തിൽ ഫർണ്ണീച്ചർ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുകളുടെ ലഭ്യത കുറവുള്ളതിനാലും, അനിയന്ത്രിതമായ വിലവർദ്ധനവുള്ളതിനാലും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വിഷമമുണ്ടെന്ന് അറിയിച്ചിട്ടുള്ളതാണ്.

ഫയൽ പരിശോധിച്ചതിൽ നാളിതുവരെ പ്രോജക്ടിൽ കസേര വാങ്ങിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും തന്നെ ഇല്ലാത്തതാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം. 23/21.09.23 ന് മറുപടിയും അറിയിച്ചിട്ടില്ലാത്തതാണ്. ഈ പ്രോജക്ടിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ വിവരങ്ങളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.187/23 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയും പഠിക്കുന്ന കോഴ്സിന്റെ വിവരം സംബന്ധിച്ച സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, ജാതി സർട്ടിഫിക്കറ്റ് എന്നീ അനുബന്ധ വിവരങ്ങളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | തുക | വൗച്ചർ നം. |
|---|---|---|---|
| 1 | എ. പി. അതുല്യാദേവി, അറയ്ക്കൽ ഹൗസ്<br>ആധാർ നം. 9506 7803 5347 | 20000 | 42201392/ 09.02.23 |
| 2 | ശ്രീപ്രിയ ടി. കെ., താഴത്തേതിൽ<br>ആധാർ നം.9716 4194 3304 | 20000 | 42201393/ 09.02.23 |

രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/21.09.2023ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. അപേക്ഷയുടേയും അനുബന്ധ വിവരങ്ങളുടേയും അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹40,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ബാലസഭ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക അനുവദിച്ചു

പ്രോജക്ട് നം. 141/23 ബാലസഭ

നിർവ്വഹണോദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും ₹12,985/- (വൗച്ചർ നം.22201468/31.03.23), വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ₹20,000/- (വൗച്ചർ നം.42201436/2703.23) എന്നിങ്ങനെ ആകെ ₹ 32,985 ചാർജ്ജ് ഓഫീസർ/ചെയർപേഴ്സൺ കുടുംബശ്രീ CDS പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പുന്നയൂർക്കുളം ശാഖയിലെ 57008831037 നമ്പർ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 05.03.2023 ന് നടത്തിയ നെറ്റിപ്പട്ട നിർമ്മാണം സംബന്ധിച്ച പരിശീലനത്തിനായി ആകെ ₹32,985/- ചെലവഴിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടേയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28.05.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം.115/2022/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് ഖണ്ഡിക 7.7.10 പ്രകാരം ഗ്രാമപഞ്ചായത്ത് വാർഡ് ഒന്നിന് ₹1000/- യാണ് ബാലസഭ പ്രവർത്തനങ്ങൾക്കായി അനുവദിക്കാവുന്ന തുക. ആയതുപ്രകാരം ആകെ 19 വാർഡുകളുള്ള പഞ്ചായത്തിൽ അനുവദിക്കാവുന്ന പരമാവധി തുക ₹19,000/- മാത്രമാണ്. നിർദ്ദേശത്തിനുവിരുദ്ധമായി ₹13,985/- അധികമനുവദിച്ചതിന് അനുകൂലമായ സർക്കാർ ഉത്തരവ്/ആധികാരിക രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 4/18.09.2023 ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. മാർഗ്ഗരേഖ നിർദ്ദേശത്തിനുവിരുദ്ധമായി ചെലവഴിച്ച ₹ 13,985/- തടസ്സപ്പെടുത്തുന്നു.

## 1-27 പട്ടിക ജാതി വിവാഹ ധനസഹായം-പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം. 134/23 പട്ടിക ജാതി വിവാഹ ധനസഹായം പ്രോജക്ടിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. 30.06.22 തിയതിയിലെ സർക്കാർ ഉത്തരവ്(കൈ)നം.43/2022/പ.ജാ.പ.വ.വി.വ പ്രകാരം താഴെ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളതാണ്. ഈ ആനുകൂല്യം ഗുണഭോക്താവിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ലെന്ന് കാണിക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ആനുകൂല്യം കൈപ്പറ്റുന്നതിൽ ഇരട്ടിപ്പ് വരുന്നില്ലെന്ന് പരിശോധിച്ചുറപ്പുവരുത്തുന്നതിനായിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വധുവിന്റെ പേര് | തുക | വൗച്ചർ നം. |
|---|---|---|---|---|
| 1 | കാർത്ത്യായനി, കുന്നംക്കാട്ടിൽ ഹൗസ്, ചമ്മന്നൂർ | പ്രഗ്യ കെ. വി | 75,000 | 42201340/ 04.11.22 |
| 2 | അജിത W/o.മോഹനൻ, കുണ്ടംപറമ്പിൽ വീട്, ചമ്മന്നൂർ-പി.ഓ. | അശ്വതി മോഹൻ കെ | 1,25,000 | 42201449/ 13.01.23 |
| 3 | രാജി W/o. അശോകൻ, മുപ്പാടത്ത് വീട്, പെരിയമ്പലം, അണ്ടത്തോട്-പി.ഓ. | ആവണി എം. എ | 1,25,000 | 42201449/ 13.01.23 |
| | ആകെ | | 325000 | |

പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന് കാണിക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 24/23.09.23 നമ്പർ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. മേൽ പട്ടികപ്പെടുത്തിയ ഗുണഭോക്തക്കളൊഴികെ ബാക്കി എല്ലാ ഗുണഭോക്താക്കളുടെ ഫയലിലും പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന് കാണിക്കുന്ന രേഖ ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹ 3,25,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ നമ്പർ പേരു വിവരം | തുക (₹) | വൗച്ചർ നമ്പർ | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 162/23 | അണ്ടത്തോട് പനന്തറ SRO കുടിവെള്ള പദ്ധതി വൈദ്യുത കണക്ഷന് തുക അടവാക്കൽ | 1,53,196 | 22200220/ 14.06.22 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ഇലക്ട്രിക്കൽ സെക്ഷൻ പുന്നയൂർക്കുളം |
| 2 | 161/23 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ | 47,878 | 42200545/ 28.09.22 തുക ₹36,424<br>42200571/ 16.10..22 തുക ₹11,454 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ഇലക്ട്രിക്കൽ സെക്ഷൻ പുന്നയൂർക്കുളം |
| 3 | 19/23 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 14,97,172 | 22201314/ 23.03.23 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ഇലക്ട്രിക്കൽ സെക്ഷൻ പുന്നയൂർക്കുളം |
| 4 | 229/23 | ഗ്രാമപഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 64,303 | 42201387/ 04.02.23 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ഇലക്ട്രിക്കൽ സെക്ഷൻ പുന്നയൂർക്കുളം |
| 5 | 164/23 | ചമ്മണ്ണൂർ താഴം പഞ്ചക്കോൾ ചെറായി കൂട്ട കൃഷിപ്പാടം എന്നിവിടങ്ങളിലെ പൊതു ജലസേചന | 11,00,000 | 42201372/ 04.01.23 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ഇലക്ട്രിക്കൽ സെക്ഷൻ പുന്നയൂർക്കുളം |

| | | | | | |
|---|---|---|---|---|---|
| | | പദ്ധതികൾക്ക് ഒറ്റ തവണ വൈദ്യുതി കണക്ഷൻ | | | |
| 6 | 50/23 | അംഗൻ വാടികളിലേയ്ക്ക് കുടിവെള്ള സൌകര്യം ഒരുക്കുന്നതിന് ഗ്രൗണ്ട്‌വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 94,740 | 22200741/ 16.08.22 തുക ₹7740<br>22201043/ 11.01.23 തുക ₹87,000 | ജില്ലാ ഓഫീസർ ഭൂജലവകുപ്പ്, തൃശ്ശൂർ |
| 7 | 209/23 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ബ്ലോക്കിലേയ്ക്ക് വിഹിതം കൈമാറൽ | 25,000 | 42201387/ 04.02.23 | ബ്ലോക്ക് പഞ്ചായത്ത് ചാവക്കാട് |
| 8 | 163/23 | IKM വിഹിതം നല്കൽ | 1,11,085i | 42201303/ 12.08.22 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.23/21.09.23)

## 1-29 സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | പ്രതിമാസ പെൻഷൻ | മരണ തീയതി | മരണ സർട്ടിഫിക്കറ്റ് നം | അവസാനം പെൻഷൻ നൽകിയ മാസം |
|---|---|---|---|---|---|---|
| 1 | മുഹമ്മദാലി | 107150202600 വാർദ്ധക്യകാല പെൻഷൻ | 1600/- | 10.03.2023 | D0040716-20230324143/ 24.03.2023 | 06/2023 വരെ അനുവദിച്ചു. തുക കൈമാറിയിട്ടില്ല |
| 2 | കുഞ്ഞഹമ്മദ് | 107160202423 വാർദ്ധക്യകാല പെൻഷൻ | 1600/- | 02.03.2023 | D0040716-2023030640/ 06.03.2023 | 06/2023 |
| 3 | അശോകൻ.ജി.എ. | 107160202617 വാർദ്ധക്യകാല പെൻഷൻ | 1600/- | 18.02.2023 | D0040716-2023030640/ 27.02.2023 | 06/2023 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ബീവാത്തുകുട്ടി | 107160601161 വാർദ്ധക്യകാല പെൻഷൻ | 1600/- | 14.02.2023 | D0040716-2023030164/ 01.03.2023 | 06/2023 വരെ അനുവദിച്ചു. തുക കൈമാറിയിട്ടില്ല |
| 5 | ആമിന | 107160601682 വിധവ പെൻഷൻ | 1600/- | 20.02.2023 | D0040716-20230221648/ 01.03.2023 | 06/2023 (നിലവിൽ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ട്.) |
| 6 | ഷെരീഫ | 101700602839 വിധവ പെൻഷൻ | 1600/- | 30.01.2023 | D0040716-20230208432/ 08.02.2023 | 06/2023 |

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന. ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷം മരണപ്പെട്ട മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ പരിശോധിച്ച് അനർഹമായി നൽകിയ തുക എത്രയും വേഗം തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം.14,തീ22.09.2023).

## 1-30 അനുപൂരക പോഷകാഹാരം-ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 42/23 അങ്കണവാടി പോഷകാഹാര പദ്ധതി എന്ന പ്രോജക്ടിൽ ഗോൾഡ് സ്റ്റാർ, അമൃതം ഫുഡ് സപ്ലിമെന്റ്സ്, എളവള്ളി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ്, ജനനി പ്ലസ്, പോഷകാഹാരപ്പൊടി എന്നീ ഉൽപ്പന്നങ്ങൾ 2.5% CGST യും, 2.5% SGST യും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നമ്പർ | ഉൽപ്പന്നം | ഇൻവോയ്സ് നമ്പർ തീയതി | തുക | CGST | SGST |
|---|---|---|---|---|---|
| 1 | അമൃതം | 427/8.3.22 | 123480 | 2940 | 2940 |
| 2 | പോഷകപ്പൊടി | 428/8.3.22 | 7180 | 171 | 171 |
| 3 | അമൃതം | 434/12.4.22 | 123480 | 2940 | 2940 |
| 4 | പോഷകപ്പൊടി | 435/10.4.22 | 7182 | 171 | 171 |
| 5 | പോഷകപ്പൊടി | 475/25.5.22 | 5525 | 127.5 | 127.5 |
| 6 | അമൃതം | 474/25.5.22 | 125738 | 2915.5 | 2915.5 |
| 7 | അമൃതം | 488/28.6.22 | 111664.5 | 2588 | 2588 |
| 8 | പോഷകപ്പൊടി | 489/28.6.22 | 7410 | 171 | 171 |

| | | | | | |
|---|---|---|---|---|---|
| 9 | പോഷകപ്പൊടി | 501/22.9.22 | 6510 | 155 | 155 |
| 10 | അമൃതം | 500/18.7.22 | 121451 | 2892 | 2892 |
| 11 | അമൃതം | 518/11.8.22 | 101379 | 2413 | 2413 |
| 12 | അമൃതം | 536/24.9.22 | 102831 | 2384 | 2384 |
| 13 | അമൃതം | 602/10.12.22 | 102831 | 2384 | 2384 |
| 14 | പോഷകപ്പൊടി | 603/10.12.22 | 6500 | 150 | 150 |
| 15 | പോഷകപ്പൊടി | 615/3.1.23 | 7150 | 165 | 165 |
| 16 | അമൃതം | 614/3.1.23 | 110305 | 2557 | 2557 |
| 17 | അമൃതം | 633/8.2.22 | 122083 | 2830 | 2830 |
| 18 | പോഷകപ്പൊടി | 634/8.2.23 | 6630 | 153 | 153 |
| 19 | പോഷകപ്പൊടി | 649/8.3.23 | 2925 | 68 | 68 |
| 20 | അമൃതം | 648/8.13.23 | 105775 | 2452 | 2452 |
| | | ആകെ | 1308075 | 30623 | 30623 |

CGST ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടി.ഡി.എസ് ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST,SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ ' ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 5/18.9.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേലിൽ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള വാങ്ങലുകളിൽ ജി.എസ്.റ്റി, ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് മിഷൻ ഭവന നിർമ്മാണം പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി റുക്കിയ ഹനീഫ വടക്കായിൽ (40,000 രൂപ), സീത ഊട്ടുവളപ്പിൽ (2,00,000 രൂപ), ജുവറിയ നൗഫൽ പൂളക്കൽ (2,00,000 രൂപ), സുകുമാരൻ നെടിയോടത്ത് (3,00,000 രൂപ), ജമീല വടക്കുട്ട് (3,00,000 രൂപ), ബിന്ദു വിജയ കളത്തിങ്കൽ (1,15,000 രൂപ), മാധവി ചെറായി (40,000 രൂപ), ഫാത്തിമ്മ നുറുകിലായിൽ (3,00,000 രൂപ), രമ രാജൻ മൂക്കത്തിയിൽ (3,00,000 രൂപ) എന്നീ ഗുണഭോക്താക്കൾ വിവിധ ഗഡുക്കളിലായി ആകെ 17,95,000 രൂപ ധനസഹായം കൈപ്പറ്റി ഒരു വർഷത്തിലേറെയായിട്ടും പണിപൂർത്തീകരിച്ച് അടുത്ത ഗഡു കൈപ്പറ്റിയതായി കാണുന്നില്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3 തീയതി 18-9-23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓർമ്മ കുറിപ്പ് നൽകിയിട്ടുണ്ടെന്നും, തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ശ്രീമതി റുക്കിയ ഹനീഫയുടെ സ്ഥലം ദേശീയ പാത വികസനത്തിനായി ഏറ്റെടുത്തിട്ടുള്ളതും,ആയതിന് മതിയായ നഷ്ടപരിഹാരം ലഭിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടിയാരി 17/9/20ന് കൈപ്പറ്റിയിട്ടുള്ള 40,000 രൂപ ഉടനെ തിരികെ ഈടാക്കേണ്ടതാണ്. ശ്രീമതി രമ രാജൻ മൂക്കത്തിയിലിന്റെ ഭവന നിർമ്മാണം CRZ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പൂർത്തീകരിക്കുന്നതിന് തടസ്സം നേരിട്ടിരിക്കുകയാണ്. നിർമ്മാണാനുമതി നൽകുന്നതിന് മുൻപ് ആയത് പരിശോധിക്കാതിരുന്നത് വീഴ്ചയാണ്. ടി കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, ഉചിതമായ തീരുമാനം ഉണ്ടാകേണ്ടതുമാണ്. സാമ്പത്തിക പ്രയാസമുള്ളവർക്ക് അനുഭാവപൂർവ്വമായ നടപടികളിലൂടെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതും, ഇല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ അനിവാര്യമാണെങ്കിൽ ടി നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-32 മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (FHC) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ യഥാവിധി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നില്ല. മരുന്നുകൾ ഗഡുക്കളായി മാത്രമാണ് ലഭിക്കുന്നത്. മരുന്നുകൾ സമയ ബന്ധിതമായി ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇനിയും മരുന്നുകൾ ലഭിക്കാത്ത മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ട്രഷറി ബിൽ നം./ഇൻവോയ്സ് നം. തിയതി, തുക | ബാലൻസ് മരുന്ന് തുക |
|---|---|---|
| ജിവിത ശൈലി രോഗികൾക്ക് മരുന്ന് വാങ്ങൽ S0018/22 | 35/2021-22<br>Dtd 10.1.22.<br>318899/ - | 56658/- |
| PHC യിലേക്ക് മരുന്ന് വാങ്ങൽ S0047/22 | 37/2021 -22<br>Dtd. 18.1.22.<br>187048/ -<br>40/2021-22<br>Dtd. 10.2.22.<br>20483/- | 14999/-<br>4647/- |
| ജിവിത ശൈലി രോഗികൾക്ക് മരുന്ന് വാങ്ങൽ S0025/22 | 969/2022 -23<br>Dtd. 8.8.22.<br>239612/- | 36291/- |
| ജിവിത ശൈലി രോഗികൾക്ക് മരുന്ന് വാങ്ങൽ S0025/22 | 1483/2022 -23<br>Dtd. 30.9.22.<br>253680/- | 52616/- |
